REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 25-07-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- കർഗിൽ വിജയത്തിന്റെ 25-ാം വാർഷികം നാളെ. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ലേ-യിലെ കാർഗിൽ യുദ്ധ സ്മാരകം സന്ദർശിക്കും.
- വിമാന യാത്രക്കൂലി ജനങ്ങൾക്ക് താങ്ങാവുന്ന നിരക്കിൽ എത്തിക്കുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രി കിഞ്ചരപു റാം മോഹൻ നായിഡു.
- കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ ട്രക്ക് ഡ്രൈവർ അർജുനായി ഗംഗാവലി പുഴയിൽ നാവികസേനയുടെ സ്കൂബാ ടീം തിരച്ചിൽ തുടങ്ങി.
- മധ്യ-വടക്കൻ ജില്ലകളിൽ ശക്തമായ മഴ തിങ്കളാഴ്ച വരെ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത.
- ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവലിന്റെ പത്താമത് പതിപ്പിന് കോഴിക്കോട്ട് തുടക്കമായി.
- പാരീസ് ഒളിംപിക്സിൽ ഇന്ത്യയുടെ മത്സരങ്ങൾ അൽപസമയത്തിനകം ആരംഭിക്കും.

## വാർത്തകൾ വിശദമായി

**കർഗിൽ വിജയത്തിന്റെ 25-ാം വാർഷികം നാളെ ആഘോഷിക്കും. സംയുക്ത സേനാ വിഭാഗങ്ങളിലെ**

വനിതകൾ പങ്കെടുക്കുന്ന മോട്ടോർ ബൈക്ക് റാലി ഉൾപ്പെടെ ഒട്ടേറെ പരിപാടികൾ ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. വനിതാ ഓഫീസർമാർക്ക് പുറമെ പരിചയ സമ്പന്നരായ വനിതാ ബൈക്ക് സഞ്ചാരികളും സൈനികരുടെ ഭാര്യമാരും റാലിയിൽ പങ്കെടുക്കും.

⭘⭘⭘

25-ാമത് കർഗിൽ വിജയ് ദിവസ് പ്രമാണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ലേ-യിലെ കാർഗിൽ യുദ്ധ സ്മാരകം സന്ദർശിക്കും. യുദ്ധത്തിൽ വീരമൃത്യു വരിച്ച സൈനികർക്ക് പ്രധാനമന്ത്രി ആദരാഞ്ജലി അർപ്പിക്കും.

ഷിൻ കുൻ ലാ തുരങ്ക പദ്ധതിയുടെ നിർമ്മാണത്തിനും പ്രധാനമന്ത്രി തുടക്കം കുറിയ്ക്കും.

⭘⭘⭘

വിമാന യാത്രക്കൂലി ജനങ്ങൾക്ക് താങ്ങാവുന്ന നിരക്കിൽ എത്തിക്കുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രി കിഞ്ചരപു റാം മോഹൻ നായിഡു പറഞ്ഞു. വ്യോമയാന മേഖലയിൽ ചൂഷണം തടയാൻ ഉന്നത തല സമിതി രൂപീകരിക്കുമെന്നും ലോക്സഭയിൽ, ഷാഫി പറമ്പിലിന്റെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു.

⭘⭘⭘

പാർലമെന്റിൽ പ്രതിപക്ഷം ജനവിധിയെ പരിഹസിക്കുകയാണെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു കുറ്റപ്പെടുത്തി. ബജറ്റിലെ ക്രിയാത്മകമായ ചർച്ചയാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നതെന്നും എന്നാൽ ചില കക്ഷി

നേതാക്കൾ പാർലമെന്റിന്റെ പവിത്രതയെ ഇടിച്ചു താഴ്ത്തുകയാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ കുറ്റപ്പെടുത്തി. തെരഞ്ഞെടുപ്പ് കഴിഞ്ഞ സാഹചര്യത്തിൽ വികസിത ഭാരതമെന്ന ലക്ഷ്യത്തിലേക്കാണ് എല്ലാ പാർട്ടികളും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്ന് റിജിജു അഭിപ്രായപ്പെട്ടു.

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ ട്രക്ക് ഡ്രൈവർ അർജുനായി ഗംഗാവലി പുഴയിൽ നാവികസേനയുടെ സ്കൂബാ ടീം തെരച്ചിൽ തുടങ്ങി.

ട്രക്ക് പുഴയിൽ ഉണ്ടെന്ന് ഇന്നലെ സ്ഥിരീകരിച്ചതോടെ അവിടം കേന്ദ്രീകരിച്ചാണ് ഇപ്പോൾ നാവിക സേനയുടെ നേതൃത്വത്തിൽ തിരച്ചിൽ നടത്തുന്നത്.

ന്യൂസ് ഡെസ്കിൽ,നിന്ന് കൂടുതൽ വിവരങ്ങൾ

............വോയ്സ്..........

കൂറ്റൻ മണ്ണുമാന്തി യന്ത്രം റോഡ് നിരപ്പിൽ നിന്ന് താഴേക്ക് ഇറക്കി, ലോറി കണ്ടെത്തിയ ഭാഗത്തെ മണ്ണ് നീക്കുന്ന പ്രവൃത്തിയാണ് പുരോഗമിക്കുന്നത്. ഇതോടൊപ്പം പുഴയിലെ അടിയൊഴുക്ക് പരിശോധിക്കുന്നതിന് സ്കൂബ ടീം പുഴയിൽ പരിശോധന നടത്തുന്നുണ്ട്. ക്രമീകരണങ്ങൾ പൂർത്തിയായാൽ മുങ്ങൽ വിദഗ്ധർ ഗംഗാവലി പുഴയിൽ ഇറങ്ങി പരിശോധന നടത്തും. മുങ്ങൽ വിദഗ്ധരുടെ 18 അംഗ സംഘമാണ് ദൗത്യത്തിൽ പങ്കാളികളാകുന്നത്.

പ്രദേശത്ത് ഇടവിട്ട് പെയ്യുന്ന മഴയും പുഴയിലെ ശക്തമായ അടിയൊഴുക്കും രക്ഷാപ്രവർത്തനത്തിന് വെല്ലുവിളി ഉയർത്തുന്നുണ്ട്. അടിയോഴുക്ക് കുറഞ്ഞാൽ നാവിക സേനാംഗങ്ങൾ പുഴയിലേക്ക് ഡീപ് ഡൈവ് നടത്തി ട്രക്കിന്റെ സമീപത്തെത്തും. ലോറിയുടെ ക്യാബിനിൽ അർജുൻ ഉണ്ടോ എന്നറിയാനാകും ആദ്യ ശ്രമം. അർജുനെ കണ്ടെത്തിയാൽ പുറത്തേക്ക് എത്തിച്ചതിനു ശേഷമാകും ട്രക്ക് ഉയർത്തുക. ട്രക്ക് കരയ്ക്കെത്തിക്കുന്നതിന് താൽക്കാലിക പ്ലാറ്റ്ഫോം ഒരുക്കിയിട്ടുണ്ട്. ആംബുലൻസ് ഉൾപ്പെടെ തയ്യാറെടുപ്പുകളും സജ്ജമാണ്.

കരയിലും വെള്ളത്തിലും ഒരുപോലെ ഫലപ്രദമായ അത്യാധുനിക ഐബോർഡ് സംവിധാനം ഉപയോഗിച്ചാകും നേവി സംഘം പരിശോധനകൾ നടത്തുക. ഇതിനായി ഐബോർഡ് ഉപകരണത്തിന്റെ ബാറ്ററി ഡൽഹിയിൽ നിന്നും രാജധാനി എക്സ്പ്രസ്സിൽ കാർവാറിലെത്തിച്ച് സംഭവ സ്ഥലത്ത് കൊണ്ടുവന്നിട്ടുണ്ട്.

കരയിൽനിന്ന് 20 മീറ്റർ അകലെയായി മണ്ണിടിഞ്ഞ് രൂപപ്പെട്ട തുരുത്തിനിടയിൽ ലോറിയുണ്ടെന്ന് നാവികസേനയുടെ സോണാർ ഉപകരണം ഉപയോഗിച്ച് നടത്തിയ പരിശോധനയിൽ ഇന്നലെ കണ്ടെത്തിയിരുന്നു. പത്ത് ദിവസം നീണ്ട തിരച്ചിലിൽ നിർണായക വഴിത്തിരിവാണ് ഈ കണ്ടെത്തൽ.

ഷിരൂർ രക്ഷാദൗത്യത്തിൽ കാലാവസ്ഥ വെല്ലുവിളിയല്ലെന്ന് ഉദ്യോഗസ്ഥർ അറിയിച്ചതായി മഞ്ചേശ്വരം MLA എ.കെ.എം അഷ്റഫ് പറഞ്ഞു. ഏതു പ്രതികൂല കാലാസ്ഥവയിലും രക്ഷാപ്രവർത്തനം നടത്താൻ ശേഷി സേനക്കുണ്ടെന്നും അദ്ദേഹം ഷിരൂരിൽ വ്യക്തമാക്കി. അഡീഷണൽ ചീഫ് സെക്രട്ടറി വൈഷ്ണവി ഓരോ മണിക്കൂറിലും കാര്യങ്ങൾ വിലയിരുത്തുന്നുണ്ടെന്നും എംഎൽഎ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കൊച്ചി വിമാനത്താവളത്തിൽ, ഉദ്യോഗസ്ഥ ഇടപെടലില്ലാതെ അതിവേഗം സ്വയം ഇമിഗ്രേഷൻ നടപടി പൂർത്തിയാക്കുന്നതിനുള്ള സംവിധാനം ഒരുങ്ങുമെന്ന് സിയാൽ അറിയിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 'ഫാസ്റ്റ് ട്രാക് ഇമിഗ്രേഷൻ-ട്രസ്റ്റഡ് ട്രാവലേഴ്സ് പ്രോഗ്രാം' -ന്റെ ഭാഗമായാണ് സംവിധാനം ഒരുങ്ങുന്നത്. ഇതുമായി ബന്ധപ്പെട്ട പരീക്ഷണം തിങ്കളാഴ്ച ആരംഭിക്കുമെന്നും, സംവിധാനം അടുത്തമാസം കമ്മിഷൻ ചെയ്യുമെന്നും സിയാൽ അറിയിച്ചു. ഡൽഹിക്ക് ശേഷം ഇത് പൂർത്തിയാക്കുന്ന രാജ്യത്തെ രണ്ടാമത്തെ വിമാനത്താവളം ആകും കൊച്ചിയിലേത്.

✪✪✪

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഭക്തർക്കായി സൗകര്യങ്ങൾ വിപുലീകരിക്കുമെന്ന് മന്ത്രി V.N വാസവൻ അറിയിച്ചു. ചിങ്ങമാസ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ചേർന്ന ഉന്നതതല യോഗത്തിൽ

പ്രത്യേക ക്രമീകരണങ്ങൾ ചർച്ചയായതായി മന്ത്രി കോട്ടയത്ത് പറഞ്ഞു. തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഭക്തർക്ക് ഇടത്താവളങ്ങളുടെ ക്രമീകരണങ്ങൾ വിലയിരുത്തും. നിലയ്ക്കലിൽ 10,000 വാഹനങ്ങൾ പാർക്ക് ചെയ്യാൻ സൗകര്യമുണ്ടാക്കും.എരുമേലിയിലെ പാർക്കിംഗ് വിപുലീകരിക്കുമെന്നും മന്ത്രി അറിയിച്ചു. പാർക്കിംഗിനായി മറ്റൊരു സ്ഥലം കൂടി കണ്ടെത്താൻ കോട്ടയം കലക്ടർ ശ്രമം തുടങ്ങിയിട്ടുണ്ട്. ഓൺലൈൻ ബുക്കിംഗ് വഴി 80,000 ഭക്തർ ഒരു ദിവസം വരുന്ന രീതിയിലാണ് ക്രമീകരണങ്ങളെന്നും മന്ത്രി പറഞ്ഞു.

✪✪✪

മധ്യ-വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരുന്നു. തിങ്കളാഴ്ച വരെ മഴ തുടർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കനത്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട്, ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും കർണാടക തീരത്ത് വെള്ളിയാഴ്ച വരെയും 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥ വകുപ്പ് നിർദേശം നൽകി.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ രാത്രി പതിനൊന്നര വരെ 3.9 മീറ്റർ വരെയും ഉയർന്ന തിരമാലയ്ക്ക്

സാധ്യത ഉണ്ടെന്ന് ദേശീയ സമദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. തീരത്ത് ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും കേന്ദ്രം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിൽ ഇന്നലെ അർദ്ധരാത്രി വീശിയടിച്ച ചുഴലിക്കാറ്റിൽ വ്യാപകമായ നാശനഷ്ടമാണ് ഉണ്ടായത്. പലയിടങ്ങളിലും മരം കടപുഴകി വീണ് വലിയതോതിൽ നഷ്ടമുണ്ടായി. വൈദ്യുതി ലൈനുകൾക്കും തൂണുകൾക്കും കേടു പറ്റിയിട്ടുണ്ട്. മാലൂർ, ചിറ്റാരിപ്പറമ്പ്, ഇരിട്ടി, പയ്യന്നൂർ, മയ്യിൽ, ചപ്പാരപ്പടവ്, പഴയങ്ങാടി, ഉളിക്കൽ, ആന്തൂർ, പറശ്ശിനിക്കടവ്,കല്യാശ്ശേരി, പാപ്പിനിശ്ശേരി എന്നിവിടങ്ങളിലും കണ്ണൂർ നഗരത്തിലും വലിയ തോതിൽ നാശം ഉണ്ടായി നാശനഷ്ടത്തിന്റെ കണക്ക് തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ എന്ന് അധികൃതർ അറിയിച്ചു ജില്ലയിൽ ഇന്നും മഴ ശക്തമാണ്.

✪✪✪

കോഴിക്കോട് പൊറ്റമ്മൽ ശക്തമായ കാറ്റിൽ മരം വീണ് ഏഴ് വീടുകൾ ഭാഗികമായി തകർന്നു. ഇന്നലെ രാത്രിയിലാണ് സംഭവം.

✪✪✪

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവലിന്റെ പത്താമത് പതിപ്പിന് കോഴിക്കോട് തുടക്കമായി. ചക്കിട്ടപ്പാറയിലെ ഫ്രീസ്റ്റൈൽ മത്സരങ്ങൾക്കാണ് തുടക്കമായത്. T.P രാമകൃഷ്ണ്‍ MLA ഫ്ലാഗ് ഓഫ് ചെയ്തു.

നാല് നാൾ നീളുന്ന ജലപരപ്പിലെ ആവേശ പോരാട്ടം കോടഞ്ചേരിയിലെ ചാലിപ്പുഴയിലും ഇരുവഞ്ഞിയിലും ചക്കിട്ടപ്പാറയിലെ മീൻതുള്ളിപ്പാറയിലുമായാണ് നടക്കുന്നത്. സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി, ഡിടിപിസി, കോഴിക്കോട് ജില്ലാ പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ, ഇന്ത്യൻ കയാക്കിങ് & കനോയിങ് അസോസിയേഷന്റെ സാങ്കേതിക സഹായത്തോടെ നടക്കുന്ന ഫെസ്റ്റിവലിന്റെ ഔപചാരിക ഉദ്ഘാടനം നാളെ രാവിലെ പുലിക്കയത്ത് മന്ത്രി P.A മുഹമ്മദ് റിയാസ് നിർവഹിക്കും.

എട്ട് രാജ്യങ്ങളിലെ 13 അന്താരാഷ്ട്ര കയാക്കർമാരാണ് മലബാർ റിവർ ഫെസ്റ്റിൽ തുഴയെറിയുന്നത്. ഫ്രാൻസ്, ന്യൂസിലന്റ്, നോർവേ, ഇറ്റലി, റഷ്യ, സ്പെയിൻ എന്നീ രാജ്യങ്ങളിലെ കയാക്കർമാർ ഇതിലുൾപ്പെടും. ഞായറാഴ്ച സമാപിയ്ക്കും.

✪✪✪

പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയുടെ മത്സരങ്ങൾക്ക് അൽപസമയത്തിനകം തുടക്കം. അമ്പെയ്ത്തിൽ ദീപികാ കുമാരി, അങ്കിതാ ഭഗത്, ഭജൻ കൗർ, B. ധിരാജ്, തരുൺ ദീപ് റായ്, പ്രവീൺ ജാദവ്, തുടങ്ങിയവർ വ്യക്തിഗത റാങ്കിംഗ് റൗണ്ടിൽ മത്സരിക്കും.

നാളെയാണ് ഒളിമ്പിക്സിന്റെ ഔപചാരിക തുടക്കം.

✪✪✪

ദാംബുള്ളയിൽ ഏഷ്യ കപ്പ് വനിതാ ടി20 ക്രിക്കറ്റിന്റെ സെമിഫൈനൽ മത്സരങ്ങൾ നാളെ.

ആദ്യ മത്സരത്തിൽ എ ഗ്രൂപ്പിലെ ഒന്നാം സ്ഥാനക്കാരായ ഇന്ത്യ ബി ഗ്രൂപ്പിലെ രണ്ടാം സ്ഥാനക്കാരായ ബംഗ്ലാദേശിനെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് രണ്ടിനാണ് മത്സരം.

രാത്രി ഏഴിന് നടക്കുന്ന രണ്ടാം സെമിയിൽ ഗ്രൂപ്പ് ബിയിലെ ഒന്നാം സ്ഥാനക്കാരായ ശ്രീലങ്ക ഗ്രൂപ്പ് എയിലെ രണ്ടാം സ്ഥാനക്കാരായ പാകിസ്ഥാനെ നേരിടും.

രണ്ട് മത്സരങ്ങളും ധാംബുള്ളയിലെ അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് നടക്കുക. ഞായറാഴ്ചയാണ് ഫൈനൽ.

✪✪✪

ICSE സ്കൂളുകളുടെ സംസ്ഥാന തായ്ക്വാണ്ടോ ചാമ്പ്യൻഷിപ്പിൽ കോഴിക്കോട് ലയോള സ്കൂൾ കിരീടം നേടി. 34 പോയിന്റോടെയാണ് അതിഥേയർ ഒന്നാമതെത്തിയത്. ചാവക്കാട് സെന്റ് ഫ്രാൻസിസ് സ്കൂളും കട്ടപ്പന ഓക്സിലം സ്കൂളും രണ്ടാം സ്ഥാനം പങ്കുവെച്ചു.

✪✪✪

അന്തരിച്ച ആകാശവാണി മുൻ ന്യൂസ് എഡിറ്റർ P. ചന്ദ്രശേഖരന്റെ സംസ്കാരം വൈകീട്ട് അഞ്ചിന് കല്ലായിയിലെ മാനാരി ശ്മശാനത്തിൽ നടക്കും.

ഇന്ന് പുലർച്ചെ കോഴിക്കോട്ട് സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. അദ്ദേഹത്തിന് 94 വയസ്സായിരുന്നു.

കേന്ദ്ര ഇൻഫർമേഷൻ സർവ്വീസിൽ നിന്ന് വിരമിച്ച P. ചന്ദ്രശേഖരൻ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിൽ ന്യൂഡൽഹി ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ദീർഘകാലം കോഴിക്കോട് ആകാശവാണിയിൽ റിപ്പോർട്ടറായിരുന്നു. തിരുവനന്തപുരം ആകാശവാണിയിലും വാർത്താ വിഭാഗത്തിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. V.K നാരായണ ഭട്ടതിരി ട്രസ്റ്റിന്റെ സ്ഥാപകനാണ്. ഭാരതീയ വിദ്യാഭവൻ ഉൾപ്പെടെ നിരവധി സാംസ്കാരിക, സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു.

✪✪✪

മലപ്പുറം തിരൂരിൽ GGHSS-ൽ പുതിയ കെട്ടിടങ്ങളുടെ പണി ആരംഭിക്കുന്ന നടപടി കൈക്കൊള്ളാൻ ബന്ധപ്പെട്ടവരുടെ യോഗം ഉടൻ വിളിച്ചു ചേർക്കുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. നിർമ്മാണത്തിനായി കിഫ്ബി ഫണ്ടിലൂടെ 3 കോടി 90 ലക്ഷം രൂപയും പ്ലാൻ ഫണ്ടിലൂടെ ഒരു കോടി രൂപയും അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

മികച്ച പഠനാന്തരീക്ഷം ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് മന്ത്രിക്കു സ്കൂളിലെ വിദ്യാർത്ഥിനികൾ തിരുവനന്തപുരത്ത് നിവേദനം സമർപ്പിച്ചു. സ്കൂളിലെ പ്രശ്നനങ്ങൾക്ക് ശാശ്വത പരിഹാരം ഉടൻ കാണുമെന്നും ശിവൻകുട്ടി ഉറപ്പു നൽകി.